# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.681          13.06.2012 ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രിയിൽ ചികിത്സതേടുന്ന സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്

| | ചോദ്യം<br><br>ശ്രീമതി കെ.കെ. ലതിക: | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അടിയന്തിര ഘട്ടങ്ങളിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സക്കായി സർക്കാർ ആശുപത്രിയിലെ സൗകര്യങ്ങൾ തികയാതെ വരുന്ന പക്ഷം രോഗിയെ മെച്ചപ്പെട്ട സൗകര്യമുള്ള ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നു. ഇങ്ങനെ റഫർ ചെയ്യപ്പെടുന്ന രോഗിക്ക് അംഗീകൃത സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടാവുന്നതും അതിന് ചിലവാകുന്ന തുക റീ ഇംമ്പേഴ്സ്മെന്റ് ചെയ്യുന്നതുമാണ്.<br><br>അടിയന്തിര ഘട്ടങ്ങളിൽ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടാൻ സാധിക്കാതെ നേരിട്ട് സംസ്ഥാനത്തിനകത്തും പുറത്തും ഉള്ള സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് ചിലവാകുന്നതും ചികിത്സയുടെ ആവശ്യകത പരിഗണിച്ച് മടക്കി നൽകുന്നതിനുമുള്ള പ്രത്യേകാനുമതി നൽകി വരുന്നു.<br><br>ഇത് സംബന്ധിച്ച് നിരവധി ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതാണ്. |
| (ബി) | ഇതു സംബന്ധമായ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ